## പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3134** **19.06.2018 ൽ മറുപടിയ്ക്ക്**

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഴിമതി മുക്തമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ഡോ. കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ സുതാര്യവും അഴിമതി മുക്തവുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 'ഫോർ ദ പീപ്പിൾ' പദ്ധതി നിലവിലുണ്ട്. https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ ഓൺലൈൻ വഴി സേവനം ലഭ്യമാക്കുന്നതിനായി IKM വികസിപ്പിച്ചിട്ടുള്ള സങ്കേതം സോഫ്റ്റ് വെയർ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അപേക്ഷകളിലുണ്ടാകുന്ന അനാവശ്യ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.<br>നഗരസഭകളിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ സമയബന്ധിതമായി കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് നഗരസഭയിൽ 'സുവേഗ' സോഫ്റ്റ് വെയർ സ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ ഓൺലൈൻ മുഖേന കൈകാര്യം ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി ഒരു Intelligent Building Plan Management System (IBPMS) സോഫ്റ്റ് വെയർ KSIDC മുഖേന |

| | | | |
|---|---|---|---|
| | | | വികസിപ്പിച്ചിട്ടുണ്ട്.<br>ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമവും, അഴിമതി രഹിതവും ആക്കുന്നതിനായി ഓൺ ലൈൻ സംവിധാനങ്ങളായ സാംഖ്യ, സുലേഖ, സകർമ്മ, സചിത്ര എന്നീ സോഫ്റ്റ് വെയറുകളും ഇ-ടെണ്ടർ, ഇ-ഫയൽ തുടങ്ങിയ കംപ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത സേവനങ്ങൾ പൂർണ്ണമായും ഓൺ ലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും | നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | നിലവിലെ ഓൺ ലൈൻ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (സി) യും | |
| (ഡി) | ഓൺ ലൈൻ സേവനങ്ങൾ നിർബന്ധമാക്കിക്കൊണ്ടുള്ള നിയമ നിർമ്മാണം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ